

# മികച്ച തെങ്ങിൻ തൈ ഉത്പാദനവും നഴ്സറി തയ്യാറാക്കലും



ഐ.സി.എ.ആർ.-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം
കാസറഗോഡ്-671124, കേരള

## മാതൃവൃക്ഷം തെരഞ്ഞെടുക്കൽ

തെങ്ങിൻ തൈകളുടെ സ്വഭാവ ഗുണങ്ങൾ പ്രധാനമായും മാതൃവൃക്ഷങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ മാതൃവൃക്ഷം തെരഞ്ഞെടുക്കുമ്പോൾ അതീവ ശ്രദ്ധ പുലർത്തണം

## നെടിയ മാതൃവൃക്ഷങ്ങൾക്കുണ്ടായിരിക്കേണ്ട സ്വഭാവ ഗുണങ്ങൾ

- സ്ഥിരമായി വിളവു നൽകുന്നതും വർഷത്തിൽ തെങ്ങൊന്നിന് എൺപതോ അതിൽ കൂടുതലോ നാളികേരം ഉത്പാദിപ്പിക്കുന്നവ
- രോഗ കീടങ്ങൾ ഇല്ലാത്തവ
- 20 വർഷത്തിനുമേൽ പ്രായമുള്ളവ
- കുറഞ്ഞത് 12 കുലകളെങ്കിലുമുള്ളത്
- 30 മേൽ വിരിഞ്ഞ ഓലകളുണ്ടായിരിക്കണം
- ഇടത്തരം വലിപ്പമുള്ള ഉരുണ്ടതോ നീണ്ടുരുണ്ടതോ നാളികേരമുള്ള വൃക്ഷങ്ങളാണുത്തമം.
- പൊതിച്ച നാളികേരത്തിന് 500 ഗ്രാമിൽ കുറയാത്ത ഭാരവും കൊപ്ര 150 ഗ്രാമും ഉണ്ടായിരിക്കണം

## കുറിയ മാതൃ വൃക്ഷങ്ങൾക്കുണ്ടായിരിക്കേണ്ട സ്വഭാവ ഗുണങ്ങൾ

- വർഷത്തിൽ നൂറോ അതിൽ കൂടുതലോ നാളികേരം ഉത്പാദിപ്പിക്കുന്നവ
- 20 വർഷത്തിലധികം പ്രായമുള്ളവ
- രോഗകീടങ്ങൾ ഇല്ലാത്തവ
- രോഗബാധിത പ്രദേശത്ത് രോഗത്തെ അതിജീവിച്ച് ഉയർന്നു ഉത്പാദനം നല്കുന്നവ.

തികച്ചും അനുകൂലമായ സാഹചര്യങ്ങളിൽ മാത്രം വളരുന്ന തെങ്ങിൽ നിന്നും വിത്തുതേങ്ങ ശേഖരിക്കരുത്. അധികം വളക്കൂറുള്ള മണ്ണിലും ധാരാളം വെള്ളം ലഭിക്കുന്ന സ്ഥലങ്ങളിലും വളരുന്ന തെങ്ങുകളുടെ ഉത്പാദന ക്ഷമത വിലയിരുത്തുക ബുദ്ധിമുട്ടാണ്. പേട് കായ്ക്കുന്നതും ധാരാളം വെള്ളയ്ക്ക പൊഴിയുന്നതുമായ സ്വഭാവമുള്ളവ മാതൃവൃക്ഷമായി തിരഞ്ഞെടുക്കരുത്.

## വിത്ത് തേങ്ങ സംഭരണം

- മേൽപ്പറഞ്ഞ സ്വഭാവഗുണമുള്ള മാതൃവൃക്ഷങ്ങളിൽ നിന്നും 11-12 മാസം മൂപ്പെത്തിയ തേങ്ങകൾ വിത്തിനായി എടുക്കാവുന്നതാണ്.
- ഒരു കുലയിൽ ഒരു തേങ്ങയെങ്കിലും ഉണങ്ങിയാൽ മൂപ്പെത്തിയതായി കണക്കാക്കാവുന്നതാണ്.
- എല്ലാ മാസങ്ങളിലും വിത്ത് തേങ്ങ സംഭാരിക്കമെങ്കിലും ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ ഉണ്ടാകുന്ന നാളികേരത്തിന് നല്ല വലിപ്പവും താരതമ്യേന കൂടുതൽ ഭാരവും ഉണ്ടായിരിക്കും. ഈ വിത്ത് തേങ്ങകൾ പെട്ടെന്ന് മുളയ്ക്കുകയും ചെയ്യും. അതിനാൽ ജനുവരി മുതൽ മെയ് വരെയുള്ള കാലമാണ് വിത്ത് സംഭരണത്തിനു ഏറ്റവും യോജിച്ചത്.
- വിത്ത് തേങ്ങ എടുക്കാനുള്ള കുലകൾ വെട്ടി ഇടരുത്. പാറ പ്രദേശങ്ങളിൽ ഉയരത്തിൽ നിന്നും നാളികേരം പതിക്കുമ്പോൾ ഉടയുവാനും ഭ്രൂണത്തിന് കേടുപാടുകൾ സംഭവിക്കാനും സാധ്യതയുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ വിത്ത് തേങ്ങ ബലമുള്ള കയറിൽ കെട്ടിയിറക്കണം.
- കേടുപാടുകളോ വിള്ളലോ ഉള്ള നാളീകേരം ഒരിക്കലും വിത്തിനായി ഉപയോഗിക്കരുത്.

## വിത്ത് തേങ്ങ സൂക്ഷിക്കൽ

- വിത്ത്തേങ്ങ വിളവെടുത്ത ഉടനെ പാകാറില്ല.
- നെടിയ ഇനങ്ങളിൽ നിന്നും ശേഖരിച്ച വിത്ത് തേങ്ങ സാധാരണയായി 2 മാസം വരെ സൂക്ഷിക്കാറുണ്ട്.
- കുറിയ ഇനങ്ങളുടെ വിത്ത് തേങ്ങകൾ 15 ദിവസത്തിനകം തന്നെ പാകാം.
- വിത്ത് തേങ്ങ സൂക്ഷിക്കുന്നതിന്നായി വെള്ളം വറ്റിപോകാത്ത വിധത്തിൽ തണലുള്ള സ്ഥലങ്ങളിൽ 8 സെ.മി. കനത്തിൽ മണലു വിരിച്ച് ഞെട്ടറ്റം മുകളിലായി അടുക്കി വയ്ക്കണം.
- തൊണ്ട് ഉണങ്ങിയ ശേഷം പാകാൻ എടുക്കാം. വെള്ളം വറ്റിയ തേങ്ങകൾ ഒരിക്കലും പാകാൻ എടുക്കരുത്.
- സംഭരിച്ച തേങ്ങകൾ മെയ്-ജൂൺ മാസത്തിൽ തവാരണകളിൽ പാകി തെങ്ങിൻ തൈകളുണ്ടാക്കാം

## നഴ്സറി ഒരുക്കൽ

നല്ല നീർവാർച്ചയുള്ളതും ജലസേചന സൗകര്യം ഉള്ളതുമായ സ്ഥലമാണ് നഴ്സറിക്കായി തിരഞ്ഞെടുക്കേണ്ടത്. തണൽ കൂടുതലുള്ള സ്ഥലങ്ങളിൽ പാകിയ തൈകൾ ഉയരത്തിൽ വളരുകയും തൈകൾക്ക് കരുത്ത് കുറയുകയും ചെയ്യും. എന്നാൽ തുറസ്സായ സ്ഥലങ്ങളിൽ വേനൽ മാസങ്ങളിൽ തണൽ നല്കണം. മണൽ മണ്ണാണ് തവാരണയ്ക്ക് ഏറ്റവും യോജിച്ചത്. മണൽ മണ്ണിൽ വെള്ളം കെട്ടി നില്ക്കുകയില്ലെന്ന് മാത്രമല്ല ചിതലിന്റെ ആക്രമണവും പൊതുവെ കുറവായിരിക്കും. കൂടാതെ തൈകൾ പിഴുതെടുക്കാനും എളുപ്പമാണ്. വെള്ളക്കെട്ടുള്ള പ്രദേശമാണെങ്കിൽ പൊക്കമുള്ള വാരങ്ങൾ എടുക്കണം.

## വിത്ത് തേങ്ങ പാകൽ



വിത്ത് തേങ്ങ കുത്തനെയോ വിലങ്ങനെയോ പാകാവുന്നതാണ്. വെള്ളം കുറവുള്ള വിത്ത് തേങ്ങ വിലങ്ങനെ പാകുമ്പോൾ ഭ്രൂണം വെള്ളത്തിൽ തൊട്ടിരിക്കാനും വേഗത്തിൽ മുളക്കാനും കരുത്തോടെ വളരാനും ഇടയാകുന്നു. അതുകൊണ്ട് വിത്ത് തേങ്ങയിൽ വെള്ളം കുറവാണെങ്കിൽ വിലങ്ങനെ പാകുന്നതാണ് നല്ലത്. കുത്തനെ പാകി വളർത്തിയെടുക്കുന്ന തൈകൾ പിന്നീട് ഒരു സ്ഥലത്ത് നിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകാൻ സൗകര്യപ്രദമാണെന്നുമാത്രമല്ല, ദൂരസ്ഥലത്തേക്ക് കൊണ്ടുപോകുമ്പോഴുണ്ടാകുന്ന ഒടിവും ചതവും വളരെ കുറവായിരിക്കും. വിത്ത് തേങ്ങ പാകുമ്പോൾ തൊണ്ടിന്റെ മുകളറ്റം വെളിയിൽ കാണത്തക്ക വിധത്തിൽ മണ്ണിടുകയും വേണം.

## നഴ്സറി പരിചരണം

മണൽ മണ്ണുള്ള പ്രദേശങ്ങളിൽ കാലവർഷം കഴിഞ്ഞാൽ ജലസംരക്ഷണത്തിനായി വാരങ്ങ

ളിൽ പുതയിടണം. പുതയിടുന്നത് മണ്ണിലെ നനവ് നിലനിർത്തുന്നതിന് പുറമേ കളകളുടെ വളർച്ചകയും തടയുന്നു. മഴയില്ലെങ്കിൽ വേനൽക്കാലങ്ങളിൽ 2 ദിവസത്തിലൊരിക്കൽ നനക്കണം. ആദ്യ മൂന്നുമാസങ്ങളിൽ ജലസേചനം വളരെ പ്രധാനമാണ്. നഴ്സറികളിൽ കളകളുടെ വളർച്ച നിർബന്ധമായും തടയണം. തെങ്ങിൻ തൈകളുടെ ഒരു വർഷത്തെ വളർച്ചയ്ക്കാവശ്യമായ പോഷകങ്ങൾ നാളികേരത്തിൽ അടങ്ങിയിരിക്കുന്നതിനാൽ നഴ്സറിയിൽ വളരുന്ന തൈകൾക്ക് വള പ്രയോഗം നടത്തേണ്ട ആവശ്യമില്ല.



## കീട രോഗ നിയന്ത്രണം

നഴ്സറിയിൽ രോഗ കീടങ്ങളുടെ ആക്രമണം കണ്ടാൽ അപ്പപ്പോൾ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇല കരിച്ചിലും കട ചീയലുമാണ് സാധാരണയായി നഴ്സറിയിൽ കാണപ്പെടുന്ന രോഗങ്ങൾ. വളരെ ആഴത്തിൽ വിത്തുതേങ്ങകൾ പാകുന്നത് ഒഴിവാക്കിയാൽ ഒരുപരിധിവരെ കട ചീയൽ നിയന്ത്രിക്കാവുന്നതാണ്. വിത്തുതേങ്ങകൾ പാകി രണ്ടു മാസത്തിനകം മുളച്ചുതുടങ്ങും. നട്ട് അഞ്ച് മാസത്തിനകം മുളക്കാത്ത തേങ്ങകൾ ഇളക്കി മാറ്റണം.

## ഗുണ മേന്മയുള്ള തൈകൾ തിരഞ്ഞെടുക്കൽ

ഒരുവർഷം പ്രായമായ തൈകളാണ് സാധാരണയായി പറിച്ചു നടാനായി ഉപയോഗിക്കുന്നത്. താഴെ പറയുന്നവയാണ് ഗുണമേന്മയുള്ള തൈകളുടെ ലക്ഷണങ്ങൾ

- നേരത്തെ മുളക്കുകയും വേഗത്തിൽ വളരുകയും കരുത്തുള്ളതുമായവ
- ആറോ അതിൽ കൂടുതലോ ഓലകളുണ്ടായിരിക്കണം
- കണ്ണാടിക്കനം 10 സെ. മീറ്ററോ അതിൽ കൂടുതലോ ആയിരിക്കണം
- ഓലകൾ നേരത്തെ വിരിഞ്ഞവ



ഒരു നഴ്സറിയിൽ ഒരുമിച്ചു നടുന്നതിൽ ഏകദേശം 60-65% തൈകളും മികച്ച സ്വഭാവ ഗുണങ്ങൾ പ്രകടിപ്പിക്കുന്നവയായിരിക്കും. ബാക്കിവരുന്ന തൈകൾ ഒരുകാരണവശാലും നടാൻ ഉപയോഗിക്കരുത്.

## തൈകൾ ഇളക്കി മാറ്റൽ

തൈകൾ ഒരിക്കലും ഓലകളിൽ പിടിച്ചു പിഴുതു മാറ്റരുത്. ചുവടു ഭാഗത്ത് കേടുപറ്റാതെ പ്രത്യേകം രൂപകല്പ്ന ചെയ്ത പാര കൊണ്ട് ശ്രദ്ധാപൂർവ്വം തൈകൾ ഇളക്കി മാറ്റണം. പിഴുതു മാറ്റിയ തൈകൾ കഴിവതും നേരത്തെ നടണം. ഉടനെ നടാൻ സാധിച്ചില്ലെങ്കിൽ അവ തണലിൽ സൂക്ഷിക്കണം. ദൂരസ്ഥലങ്ങളിലേക്ക് കൊണ്ട് പോകുമ്പോൾ ഈർപ്പം നിലനിർത്തുന്ന മാധ്യമങ്ങളിൽ കൊണ്ടുപോകണം.

---


**വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

ഡയറക്ടർ,
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം,
കാസറഗോഡ്, ഫോൺ: 04994 232894
ഇ മെയിൽ:
director.cpcri@icar.gov.in, directorcpcri@gmail.com

തയ്യാറാക്കിയത്:

**ഷരീഫ എം., റെജി ജേക്കബ് തോമസ്, ഷംസുദ്ദീൻ, കെ**



പ്രസിദ്ധീകരണം:
**ഡോ. കെ.ബി. ഹെബ്ബാർ**
ഡയറക്ടർ,
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം,
കാസറഗോഡ്

സാമ്പത്തിക സഹായം:
**ട്രൈബൽ സബ് പ്ലാൻ**

**വിജ്ഞാന വ്യാപന പ്രസിദ്ധീകരണ നമ്പർ** : 332
**2024 ഫെബ്രുവരി**